# 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1460** **03-02-2026 - ൽ മറുപടിയ്ക്ക്**

## സ്കൂൾ കലാമേള വിജയകരമായി പൂർത്തിയാക്കുന്നതിനുള്ള ആസൂത്രണ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എം.വിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ കലാമേളകൾ വിജയകരമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം ആസൂത്രണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 2026 ജനുവരി 14 മുതൽ 18 വരെ തൃശ്ശൂരി 25 വേദികളിലായാണ്ഈ വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവം നടന്നത 12.08.2025 - ന സംഘാടക സമിത രൂപീകരിച്ചു. കൃത്യമായ മുന്നൊരുക്കങ്ങ നടത്തിയിരുന്നു. 19 സബ് കമ്മിറ്റിക രൂപീകരിക്കുകയും എം.എൽ.എ-മാർ അധ്യാപക സംഘടനകൾ, വിവി വകുപ്പുകൾ, പൊതുജനങ്ങൾ എന്നിവരു പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തിരുന്നു സംസ്ഥാന സ്കൂൾ കലോത്സവത്തിന മുന്നോടിയായി സ്കൂൾ, സബ്ജില്ല, റവന്യൂ ജില്ല തല മത്സരങ്ങൾ കൃത്യ സമയത്ത പൂർത്തിയാക്കിയതും വിവിധ വകുപ്പുകളുടെയു സംഘടനകളുടെയും വ്യാപാരി വ്യവസായ യൂണിയനുകളുടെയും പൊതു ജനങ്ങളുടെയു പങ്കാളിത്തം കലാമേളകൾ വിജയകരമായ പൂർത്തിയാക്കുന്നതിന് സഹായിച്ചു . |
| (ബി) | സ്കൂൾ കലോത്സവങ്ങളിൽ തദ്ദേശീയ കലാരൂപങ്ങൾക്ക് പ്രാധാന്യം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ എന്താണെന്ന് വിശദമാക്കാമോ; | (ബി) | കേരളത്തിലെ ഭൂരിഭാഗം തനത് കലാരൂപങ്ങളും നിലവിൽ മത്സരങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.പുതിയവ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ അത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും. |
| (സി) | കലാമേളകൾ പരാതിരഹിതമാക്കാൻ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം എങ്ങനെയെല്ലാമാണ് സഹായിച്ചതെന്ന് വിശദമാക്കാമോ; | (സി) | നിലവിൽ ulsavam.kite.kerala.gov.in എന്ന വെബ്സൈറ്റ് മുഖേനെയാണ് സ്കൂൾ തലം മുതൽ സംസ്ഥാന തലം വരെ കുട്ടികളുടെ പേര് വിവരങ്ങൾ ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നത് സമ്പൂർണ്ണ' വെബ് പോർട്ടലുമായി ഇത് ബന്ധിപ്പിച്ചിട്ടുള്ളതിനാൽ വിവരങ്ങളിലെ പിഴവുകൾ ഒഴിവാക്കാൻ സാധിക്കുന്നു. |

| | | | |
|---|---|---|---|
| | | | വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കാനും കലോത്സവത്തിനുള്ള തയ്യാറെടുപ്പുകൾ പരാതിരഹിതമായി പൂർത്തിയാക്കാനും ഇത് സഹായിക്കുന്നു. |
| (ഡി) | ഒളിമ്പിക്സ് മാതൃകയിൽ സ്കൂൾ കായികമേള സംഘടിപ്പിച്ചത് വഴി എന്ത് മാറ്റമാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | മുൻകാലങ്ങളിൽ മാസങ്ങളോളം നീണ്ടുനിന്നിരുന്ന മത്സരങ്ങൾ ഒളിമ്പിക്സ് മാതൃക സ്വീകരിച്ചതോടെ ഒരു നിശ്ചിത നഗരത്തിൽ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ വിജയകരമായി നടത്താൻ സാധിച്ചു. സർക്കാർ സംവിധാനങ്ങളുടെ യോജിച്ച പ്രവർത്തനവും വിവിധ സംഘടനകളുടെ സഹകരണവും മേളയുടെ നിലവാരം ഉയർത്തുന്നതിന് സഹായിച്ചിട്ടുണ്ട് . |
| (ഇ) | കലോത്സവങ്ങൾ കേവലം മത്സരം എന്നതിലുപരി കുട്ടികളുടെ വ്യക്തിത്വ വികസനത്തെ എങ്ങനെയെല്ലാമാണ് സഹായിക്കുന്നതെന്ന് വിശദമാക്കാമോ; | (ഇ) | പഠനത്തോടൊപ്പം കായിക കലയും പഠനവും ഒരുമിച്ച് പോകുന്നതിനുള്ള സമീപനമാണ് സർക്കാർ സ്വീകരിച്ച് വരുന്നത്. കല കേവലം ഗ്രേസ് മാർക്കിനുള്ള ഉപാധിയല്ല, മറിച്ച് കുട്ടികളിൽ സാമൂഹ്യബോധവും തോൽവികളെ നേരിടാനുള്ള കരുത്തും വളർത്താൻ സഹായിക്കുന്നു. ലഹരിക്കെതിരായ നിലപാടുകൾ സ്വീകരിക്കുന്നതിന്കലാപ്രവർത്തനങ്ങളിലൂടെ ആർജ്ജിക്കുന്ന ആത്മാഭിമാനവും ക്രയശേഷിയും കുട്ടികളെ വളരെയധികം സഹായിക്കുന്നു. |
| (എഫ്) | ഗോത്ര കലാരൂപങ്ങളെ കലോത്സവങ്ങളിൽ ഉൾപ്പെടുത്തിയതിന്റെ പ്രാധാന്യം വിശദീകരിക്കാമോ? | (എഫ്) | ഗോത്രവർഗ്ഗ കലാരൂപങ്ങൾ അതത് പ്രദേശത്ത് മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നാണ്. ഈ കലാരൂപങ്ങൾ കൂടുതലായി അറിയപ്പെടേണ്ടതും അംഗീകരിക്കപ്പെടേണ്ടതും ആവശ്യമാണ്. പാരമ്പര്യ തനത് കലാരൂപങ്ങൾ അവതരിപ്പിച്ച് വരുന്ന ചുറ്റുപാടുകളുടെ ഇല്ലാതാകൽ , പുതുതലമുറയ്ക്ക് പാരമ്പര്യ കലാരൂപങ്ങളിലുള്ള മതിപ്പ് കുറവ്, അവ സ്വായത്തമാക്കുന്നതിനുള്ള അവരുടെ താല്പര്യക്കുറവ് എന്നിവമൂലം ഇത്തരം കലാരൂപങ്ങൾക്ക് സംഭവിച്ച് കൊണ്ടിരിക്കുന്ന അപചയത്തെ തടയുക എന്ന ലക്ഷ്യത്തോടെയാണ് ഈ കലാരൂപങ്ങളെ സ്കൂൾ കലോത്സവത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് മൂലം മറ്റ് കലാരൂപങ്ങൾ പോലെ തന്നെ ഗോത്രവർഗ്ഗ സമുദായങ്ങളുടെ തനത് കലകളും കലാമൂല്യത്തിലും ആകർഷണത്വത്തിലും മുൻപന്തിയിലാണെന്ന് പൊതുജനത്തെ അറിയിക്കുന്നതോടൊപ്പം അവയെ അംഗീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും തനിമ നഷ്ടപ്പെടാതെ നിലനിറുത്തുന്നതിനും സാധിക്കും. |

സെക്ഷൻ ഓഫീസർ